(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും നീതി സ്റ്റോറുകളുടെ പ്രവർത്തനം കഴിഞ്ഞ വർഷം നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നീതി സ്റ്റോറുകളിൽ അധിക ജീവനക്കാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര എണ്ണം എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെങ്കിലും നീതി സ്റ്റോറുകളിൽ പണാപഹരണം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. കമ്മീഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്ന "സെയിൽസ്മാൻ"മാർ പിരിഞ്ഞു പോയതിന് പകരം നിയമനം നടത്താത്തത്, വിൽപ്പന സാധ്യത ഇല്ലാത്ത സ്ഥലങ്ങളിൽ സ്റ്റോറുകൾ ആരംഭിച്ചത് കൊണ്ടുണ്ടായ നഷ്ടം, സംഘം ജീവനക്കാർതന്നെ പ്രവൃത്തി എടുത്തിരുന്നതിനാൽ സംഘത്തിന്റെ ആഫീസ് സമയത്തു മാത്രം പ്രവർത്തനം നടത്തിയതിനാൽ ആ നഷ്ടം തുടങ്ങിയ കാരണങ്ങളാൽ ചില നീതി സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ 473 നീതി സ്റ്റോറുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. 17 പേരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ

111(327) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്നതും സാമ്പത്തികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കാണ് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡവലപ്പമെന്റ് കൺസോർഷ്യത്തിൽ നിന്നും വായ്പാ നൽകുവാൻ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് വേണ്ടിയുള്ള വായ്പകളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'കൺസോർഷ്യം ലെൻഡിംഗ് സ്കീം' എന്ന സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറായി വരുന്നു.

സംസ്ഥാന സഹകരണബാങ്കിന്റെ ലാഭം

112(328) ശ്രീ. കെ. സി. ജോസഫ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ലാഭം എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്ക് എന്ത് തുക വീതം മാൻഡേറ്ററി റിസർവ്വായി സൂക്ഷിക്കേണ്ടതുണ്ട് ; മേൽപ്പറഞ്ഞ വർഷങ്ങളിൽ പ്രസ്തുത ബാങ്ക് മാൻഡേറ്ററി റിസർവ്വായി എന്ത് തുക വീതം സൂക്ഷിക്കുമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലഘട്ടത്തിൽ ഇത്രയും തുക മാൻഡേറ്ററി റിസർവ്വായി സൂക്ഷിക്കാതിരുന്ന സന്ദർഭം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം ;

(ഡി) ഈ കാലഘട്ടത്തിൽ സംസ്ഥാന സഹകരണ ബാങ്ക് ഏതെല്ലാം ധനകാര്യ ഏജൻസികളിൽ നിന്ന് എന്തു തുക വീതം വായ്പയെടുത്തിട്ടുണ്ട് എന്നും ഇതിനു നൽകേണ്ട പലിശ എത്ര ശതമാനം വീതമായിരുന്നു എന്നും വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം വായ്പയെടുത്ത തുക സംസ്ഥാന സഹകരണ ബാങ്ക് എത്ര ശതമാനം പലിശയ്ക്കാണ് ജില്ലാ ബാങ്കുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കൊടുത്തിരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 1995-96 മുതൽ 1999-2000 വരെയുള്ള കാലയളവിലെ ലാഭം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly